**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1847** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആരംഭിച്ചിട്ടുള്ള മികവിന്റെ കേന്ദ്രങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ ആരംഭിച്ചിട്ടുള്ള മികവിന്റെ കേന്ദ്രങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. Centre of excellence for Teaching, Learning and Training<br><br>2. Kerala Institute for Science, Technology and Innovation (KISTI)<br><br>3. Kerala Institute of Advanced Studies (KIAS)<br><br>4. Kerala Network for Research-support in Higher Education (KNRSHE)<br><br>5. Centre for Indigenous Peoples Education (CIPE)<br><br>6. The Kerala Institute for Gender Equality (KIGE)<br><br>7. Kerala Language Network (KLN)<br><br>കൂടാതെ കിഫ്ബി ധനസഹായത്തോടെ ചുവടെ പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ യൂണിവേഴ്സിറ്റികൾക്കു കീഴിൽ ആരംഭിക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>1.Thanu Padmanabhan Centre of Excellence in Astronomy and Astrophysics (കേരള സർവകലാശാല കാംപസ്)<br><br>2.Centre of Excellence in Neurodegeneration and Brain Health (കൊച്ചിൻ ശാസ്ത്ര സാങ്കേതിക |

| | | | |
|---|---|---|---|
| | | | സർവകലാശാല കാംമ്പസ്)<br><br>3.Centre of Excellence in Nanoscience & Nanotechnology (മഹാത്മാഗാന്ധി സർവകലാശാല കാംമ്പസ്) |
| (ബി) | സംസ്ഥാനത്ത് ഈ വർഷം കൂട്ടതലായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഈ വർഷം താഴെപ്പറയുന്ന മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ കൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1. കേരള നോളഡ്ജ് കൺസോർഷ്യം സെന്റേഴ്സ്<br><br>2. കേരള സെന്റർ ഫോർ അനലറ്റിക്കൽ സർവ്വീസസ് (KCAS)<br><br>3. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോളിസി സ്റ്റഡീസ് (KIPS) |
| (സി) | പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച രൂപരേഖ വിശദമാക്കാമോ; | (സി) | 1. Centre of excellence for Teaching, Learning and Training: -വിദ്യാർത്ഥികളുടെ വിജയം വർദ്ധിപ്പിക്കുകയും ഒരു കമ്മ്യൂണിറ്റി പങ്കാളിത്തം കെട്ടിപ്പടുക്കുകയും ബൗദ്ധികമായി വ്യത്യസ്തവും സജീവവുമായ ഒരു പഠന സമൂഹത്തിൽ അംഗങ്ങളാകാൻ വ്യക്തികളെ ക്ഷണിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.<br><br>2. Kerala Institute for Science, Technology and Innovation (KISTI):- നാനോ ടെക്നോളജി, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, സിസ്റ്റംസ് ബയോളജി, ബയോഡേറ്റ അനാലിസിസ്, റോബോട്ടിക്സ്, എനർജി എഞ്ചിനീയറിംഗ്, ഇലക്ട്രിക് മൊബിലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി ഇന്ന് ഉയർന്നുവരുന്ന വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനുവേണ്ടി ഒരു മാനവിക സമൂഹത്തെ പട്ടുത്തുയർത്തുകയും അതിൽ കൂടി ഒരു പുതിയ വിജ്ഞാനത്തിന്റെയും മാനവിക വൈദഗ്ധ്യത്തിന്റെയും ഒരു പുത്തൻ കേരളം സൃഷ്ടിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.<br><br>3. Kerala Institute of Advanced Studies (KIAS):- കേരളത്തിന്റെ ചരിത്രം, സമൂഹം, സാമ്പത്തിക വ്യവസ്ഥ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലുള്ള നിർവ്യാപനമായ പഠനത്തെയും ഗവേഷണത്തേയും ഇത് ലക്ഷ്യം വെയ്ക്കുന്നു.<br><br>4. Kerala Network for Research-support in Higher Education (KNRSHE):-കോളേജുകളിലെ അധ്യാപകരെയും ഗവേഷകരെയും കൈപിടിച്ച് ഉയർത്തുന്നതിനും സഹായിക്കുന്നതിനും ഫണ്ട് റൈറ്റിംഗിന്റെ ആക്കം നിലനിർത്തുന്നതിനും സ്വകാര്യ സ്രോതസ്സുകൾ ഉൾപ്പെടെയുള്ള വിവിധ |

| | | | |
|---|---|---|---|
| | | | ഏജൻസികളിൽ നിന്നും ഗവേഷണ ഫണ്ട് സ്വരൂപിക്കുന്നതിനും ഗവേഷണം നടത്താൻ അവരെ സഹായിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.<br><br>5. Centre for Indigenous Peoples Education (CIPE):- തദ്ദേശീയരായ ജനങ്ങളുടെ വിദ്യാഭ്യാസത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും കാലിക്കറ്റ് സർവ്വകലാശാലയുടേയും സംയുക്ത സംരംഭമാണിത്.<br><br>6. The Kerala Institute for Gender Equality (KIGE):- സമൂഹത്തിലെ ലിംഗനീതിയും സാമൂഹ്യപരിഷ്കരണവും നടപ്പിലാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.<br><br>7. Kerala Language Network (KLN):- കേരള ഭാഷ ശൃംഖല മലയാളം ഉൾപ്പെടെ വിവിധ ഭാഷകളെ വിജ്ഞാനത്തിന്റെ ഭാഷയായി വികസിപ്പിക്കുകയും, സംരംഭങ്ങൾ ഏറ്റെടുത്ത് ഭാഷകളെ പ്രോത്സാഹിപ്പിക്കുകയും സംസ്കാര പഠനങ്ങളെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. |
| (ഡി) | മികവിന്റെ കേന്ദ്രങ്ങളും സംസ്ഥാനത്തെ പൊതു സർവകലാശാലകളുമായി ഏത് തരത്തിലുള്ള അക്കാദമിക് സഹകരണമാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | സർവ്വകലാശാലകളുമായി അക്കാദമിക സഹകരണം സാധ്യമാകുന്ന വിധമാണ് മികവിന്റെ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

| Sl.No. | **Centres of Excellence** | **Host Institution** |
|---|---|---|
| 1 | Centre of excellence for Teaching, Learning and Training | Kerala State Higher Education Council, Thiruvananthapuram |
| 2 | Kerala Institute for Science, Technology, and Innovation (KISTI) | Mahatma Gandhi University, Kottayam |
| | | |
| 3 | Kerala Institute of Advanced Studies (KIAS) | Munnar Engineering College campus of the Centre for Continuing Education Kerala (CCEK) |
| 4 | Kerala Network for Research-Support in Higher Education – (KNRSHE)<br>Sub Centres | Main Centre, Kerala State Higher Education Council, Thiruvananthapuram |
| | a) Central Instrumentation Laboratory, TVPM (South) | i. Government Women's College, Thiruvananthapuram |
| | b) Central Instrumentation Laboratory – Kannur (North) | ii. Kannur University, Kannur |
| | c) Centre for Academic Computing, Cochin | iii. Cochin University of Science and Technology, Kochi |
| 5 | Centre for Indigenous People's Education (CIPE)<br>Institute for Tribal Studies and Research (ITSR) at Chethalayam to be transformed as Centre for Indigenous People | University of Calicut, Kozhikode |
| 6 | The Kerala Institute for Gender Equality (KIGE) | Sree Sankaracharya University of Sanskrit, Kalady |
| 7 | Kerala Language Network<br>Sub Centre –<br>a. Translation Centre, Ponnani<br>b. Language Technology Mission, Kannur | Thunchath Ezhuthachan Malayalam University |
| 8 | Thanu Padmanabhan Centre of Excellence in Astronomy and Astrophysics | Kerala University Campus |
| 9 | Centre of Excellence in Neurodegeneration and Brain Health | Cochin University of Science and Technology, Kochi campus |
| 10 | Centre of Excellence in Nanoscience & Nanotechnology | Mahatma Gandhi University, Kottayam, Campus |

(signature)

സെക്ഷൻ ഓഫീസർ